**31.05.2018 ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടന്ന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ആറാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ആറാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് രാവിലെ 11.30-ന് ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭാവത്തിൽ അഡീഷണൽ സെക്രട്ടറി ശ്രീ.എ.കെ.മോഹന കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അവതരിപ്പിച്ച അഞ്ചാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗത്തിന്റെ മിനിട്ട്സ് കമ്മിറ്റി അംഗീകരിക്കുകയും അഞ്ചാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയും ചെയ്തു. അഞ്ചാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ച പ്രകാരം ഇ.എസ്.ഐ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ നടന്നു വരുന്നുവെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു. ഒരു വർക്ക് കഴിഞ്ഞ് ഫണ്ട് കിട്ടിയാൽ മാത്രമേ അടുത്ത വർക്ക് തുടങ്ങാൻ കഴിയുകയുള്ളൂ എന്നും ഡയറക്ടർ അറിയിച്ചു. എന്നാൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള വർക്ക് അല്ലാത്തതിനാലാണ് എഞ്ചിനീയർമാർ Work Completion Certificate നൽകാത്തതെന്നും, ചെറിയ പിഴവുകൾ പരിഹരിച്ച് ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ അറിയിച്ചു. ആശുപത്രി വികസന സമിതി വഴി നടത്തേണ്ട പല അറ്റകുറ്റപ്പണികളും ആരംഭിച്ചിട്ടില്ലെന്ന് ഡയറക്ടർ ഉന്നയിച്ചപ്പോൾ അതിന് കാരണം സിവിൽ എഞ്ചിനീയർമാരുടെ അഭാവമാണെന്നും, ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും എഞ്ചിനീയർമാരെ ലഭ്യമാകുന്ന മുറയ്ക്ക്

ജോലികളെല്ലാം ത്വരിതപ്പെടുത്താമെന്നും റീജിയണൽ ഡയറക്ടർ അറിയിച്ചു.

**അജണ്ട പ്രകാരമുള്ള യോഗ തീരുമാനങ്ങൾ**

## (a) Improvement of Medical Services

ഇ.എസ്.ഐ കോർപ്പറേഷൻ മാനുവലിൽ രേഖപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഡിസ്പെൻസറികളിൽ ഉറപ്പുവരുത്തണമെന്നും, ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമാകുന്ന ചികിത്സകൾ ആശുപത്രികളിൽ നിന്നുതന്നെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നൽകണമെന്നും യോഗം തീരുമാനിച്ചു.

(i) മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ PPP mode പ്രകാരം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം കമ്മിറ്റി അംഗീകരിച്ചു.

(ii) ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ ECHO, TMT, Holter Monitoring, ICU, PPP mode പ്രകാരം തുടങ്ങുന്നതിനായി കമ്മിറ്റി അംഗീകാരം ലഭിച്ചു.

**(നടപടി – ഡയറക്ടർ)**

## (b) Chemotherapy drugs to Cancer patients/Empanelment of RCC / Sree Chithira Tirunal Hospital, Thiruvananthapuram

റീജിയണൽ കാൻസർ സെന്റർ, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്നീ ആശുപത്രികളുമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് കരാർ ചെയ്യുന്നത് സംബന്ധിച്ച അപേക്ഷ ഹെഡ് ക്വാർട്ടേഴ്സിൽ അയച്ചിട്ടുണ്ടെന്ന് റീജിയണൽ ഡയറക്ടർ അറിയിച്ചു. എംപാനൽഡ് ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ഐ.പികൾക്ക് നൽകുന്ന മരുന്നുകൾ സി.ജി.എച്ച്.എസ് നിരക്കിലായതിന്റെ ബുദ്ധിമുട്ട് എറണാകുളം ലൂർദ് ആശുപത്രി അറിയിച്ചിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു. ഇത് പരിഗണിക്കണമെന്ന് ഡയറക്ടർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാമെന്ന് റീജിയണൽ ഡയറക്ടർ അറിയിച്ചു.

**(നടപടി – റീജിയണൽ ഡയറക്ടർ)**

(c) **Emergency SST bills of ESI Dispensary, Karamana**

കരമന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ തീർപ്പാക്കാനുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിനായി റീജിയണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

(നടപടി - ജോയിന്റ് ഡയറക്ടർ)

(d) **Enhancement of Ceiling**

ഒരു ഐ.പിക്ക് 2,150/- രൂപ എന്ന സീലിംഗ് 3,000/- രൂപയായി ഉയർത്തിയാൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താമെന്ന് ഡയറക്ടർ അഭിപ്രായപ്പെട്ടു. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇത് പ്രായോഗികമല്ലെന്ന് റീജിയണൽ ഡയറക്ടർ അറിയിച്ചു.

(e) **Starting of new dispensaries in unimplemented areas**

മലയോര പ്രദേശങ്ങളിലടക്കം 7 ഇ.എസ്.ഐ ഡിസ്പെൻസറികളും ഇ.എസ്.ഐ ബ്രാഞ്ച് ആഫീസുകളും ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് നടത്തുന്നതാണെന്ന് റീജിയണൽ ഡയറക്ടർ യോഗത്തെ അറിയിച്ചു.

(f) **A R M/S R M works**

29.05.2018-ൽ നടന്ന 174-ാമത് നാഷണൽ ബോർഡ് മീറ്റിംഗിലെ അജണ്ട അനുസരിച്ച് 2 ലക്ഷം വരെയുള്ള വാർഷിക അറ്റകുറ്റപ്പണികൾ ആശുപത്രി വികസന സമിതി മുഖേന നടത്തണമെന്നും അതിനു മുകളിലുള്ള വാർഷിക അറ്റകുറ്റപ്പണികൾ / സ്പെഷ്യൽ അറ്റകുറ്റപണികൾ, ഡയറക്ടർ മുഖാന്തിരം റീജിയണൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശമുള്ളതായി ഡയറക്ടർ അറിയിച്ചു. ഇംപ്രൂവ്മെന്റ് ഇനത്തിൽ അനുവദിക്കുന്ന തുകകളുമായി ബന്ധപ്പെട്ട എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ലഭിക്കുന്നില്ലെന്ന വിവരം റീജിയണൽ ഡയറക്ടർ അറിയിച്ചു. ആശുപത്രി സൂപ്രണ്ട്മാർ പ്രസ്തുത വിവരം ഇ.എസ്.ഐ കോർപ്പറേഷനെ അറിയിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി – ആശുപത്രി സൂപ്രണ്ടുമാർ)

**(g) Building**

(i) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ കണ്ടെത്തണമെന്ന് ഡയറക്ടർ അറിയിച്ചു.

(ii) തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ സ്ട്രക്ച്ചറൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും, ദക്ഷിണ മേഖലയിൽ ഇനി നടത്താനുണ്ടെന്നും CET യിലെ എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്താമെന്നും തീരുമാനിച്ചു.

(iii) സ്പെഷ്യൽ റിപ്പയർ വർക്കുകൾ അടിയന്തിരമായി തീർക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(iv) കടമ്പനാട്, വിളക്കുടി ഇ.എസ്.ഐ ഡിസ്പെൻസറി കെട്ടിടങ്ങൾ 2018 ജൂലൈ 3-ന് കൈമാറുന്നതാണെന്ന് റീജിയണൽ ഡയറക്ടർ അറിയിച്ചു. വടവാതൂർ, കുലശേഖരപുരം ഡിസ്പെൻസറി കെട്ടിടങ്ങളുടെ കൈമാറ്റവും ഉടൻ നടത്തുന്നതാണെന്ന് അറിയിച്ചു.

(നടപടി – റീജിയണൽ ഡയറക്ടർ)

**(h) Capital Construction**

പേരൂർക്കട, ബീച്ച് വാർഡ് ആലപ്പുഴ, ഒളരിക്കര ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് വേണ്ടിയുള്ള കെട്ടിടങ്ങൾ ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രി പരിസരത്ത് തന്നെ (യഥാക്രമം പേരൂർക്കട, ആലപ്പുഴ, ഒളരിക്കര ഇ.എസ്.ഐ ആശുപത്രികൾ) നിർമ്മിച്ചു തരുന്നതിന് നടപടി സ്വീകരിക്കണം എന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. Capital Construction-ന് വേണ്ടിയുള്ള പ്രൊപ്പോസൽ നൽകുന്നതിന് യോഗം തീരുമാനിച്ചു.

(നടപടി – ഡയറക്ടർ)

**(i) Enhancing Ayurveda bed strength at ESICD (H), Mulamkunnathukavu**

മുളങ്കുന്നത്തുകാവ് നെഞ്ചുരോഗാശുപത്രിയോടനുബന്ധിച്ചിട്ടുള്ള ആയുർവ്വേദ യൂണിറ്റിലെ കിടക്കകളുടെ എണ്ണം 30 ആയി ഉയർത്തുന്നതിന് യോഗം തീരുമാനിച്ചു. (15 സ്ത്രീകൾക്കും, 15 പുരുഷന്മാർക്കും)

(നടപടി - ഡയറക്ടർ)

## (j) സ്പെഷ്യാലിറ്റി റഫറൻസ്

റീസണബിൾ മെഡിക്കൽ കെയർ സംബന്ധിച്ച ഉത്തരവ് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണെന്ന് ഡയറക്ടർ അറിയിച്ചു.

## എംപാനൽമെന്റ്

കാസർഗോഡ്, വയനാട് ജില്ലകളിൽ കൂടുതൽ സ്വകാര്യ ആശുത്രികൾ എംപാനൽ ചെയ്യണമെന്ന് യോഗം തീരുമാനിച്ചു. നിലവിലുള്ള 39 എംപാനൽഡ് ആശുപത്രികൾ കൂടാതെ താഴെകൊടുത്തിരിക്കുന്ന സ്വകാര്യ ആശുപത്രികളെ കൂടി എംപാനൽ ചെയ്യുന്നതിന് യോഗം തീരുമാനിച്ചു.

1. ശ്രീ.നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി.
2. സെന്റ് സെബാസ്റ്റ്യൻ വിസിറ്റേഷൻ ഹോസ്പിറ്റൽ, ആർത്തുങ്കൽ, ആലപ്പുഴ.
3. ഹെസ്റ്റിയ മെഡി കെയർ ഹോസ്പിറ്റൽ, പാലാരിവട്ടം, കൊച്ചി.
4. സഹൃദയ ഹോസ്പിറ്റൽ, ആലപ്പുഴ.
5. ഹിന്റ് ലാബ്സ്, തിരുവനന്തപുരം.
6. മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കോഴിക്കോട്.

## Ratification of empanelment

തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ, ഒറ്റപ്പാലം വള്ളുവനാട് ഹോസ്പിറ്റൽ, കൊച്ചി കിംസ് ആശുപത്രി എന്നീ സ്ഥാപനങ്ങളുടെ എംപാനൽമെന്റ് പുതുക്കി നൽകിയ ഡയറക്ടറുടെ നടപടി യോഗം അംഗീകരിച്ചു.

ആശുപത്രികളിലെ ഗ്രീവൻസ് കമ്മിറ്റിയിൽ നാഷണൽ ബോർഡ്/റീജിയണൽ ബോർഡ് അംഗങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായം യോഗത്തിൽ രേഖപ്പെടുത്തി.

യോഗം 12.45-ന് അവസാനിച്ചു.

അനുബന്ധം

31.05.2018 ൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്ത അംഗങ്ങൾ

1. ഡോ. രാജേഷ് ഡോമനിക്, സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ (ഇൻ-ചാർജ്),
2. ശ്രീമതി. സൈജാമോൾ.എൻ.ജേക്കബ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ബിൽഡിംഗ് സ്), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ. സലിം. എ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ഡോ. ബിന്ദു മോഹൻ, അഡീഷണൽ ഡയറക്ടർ, ആരോഗ്യവകുപ്പ്.
5. ശ്രീ. വി. രാധാകൃഷ്ണൻ, മെമ്പർ, ഇ.എസ്.ഐ.സി
6. ശ്രീ.പി.ജെ.ജോയ്, എക്സ്.എം.എൽ.എ,
7. ഡോ. എ.എം. ഖാദർ, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട.
8. ശ്രീ. റ്റി.എം.ജോസഫ്, അഡീഷണൽ കമ്മീഷണർ & റീജിയണൽ ഡയറക്ടർ,
9. ഡോ. അജിത നായർ.ആർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ.
10. ശ്രീമതി. ഷൈജ ലോഹിദാസ്, സ്റ്റേറ്റ് നോഡൽ ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്.
11. ഡോ. ആർ.ഇ.ഗ്ലാസ്റ്റിൻ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല, കോഴിക്കോട്.
12. ഡോ. പി.കെ.ജെയിൻ, മെഡിക്കൽ സൂപ്രണ്ട്, ഇ.എസ്.ഐ.സി ആശുപത്രി, എഴുകോൺ.
13. ഡോ. ദീപക്, മെഡിക്കൽ സൂപ്രണ്ട്, ഇ.എസ്.ഐ.സി ആശുപത്രി, ഉദ്യോഗമണ്ഡൽ.
14. ശ്രീമതി. സരളമ്മ.എസ്, അണ്ടർ സെക്രട്ടറി, തൊഴിൽ നൈപുണ്യവും വകുപ്പ്,
15. ശ്രീ. പ്രശാന്ത്.ജെ, ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്), സബ് റീജിയണൽ ഓഫീസ്, ഇ.എസ്.ഐ കോർപ്പറേഷൻ, തിരുവനന്തപുരം.